പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2234 13.02.2013-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. അജിത്: | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ ആകെ ഊർജ്ജാവശ്യം എത്രയെന്നും ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും കേന്ദ്ര പൂളിൽ നിന്നും ലഭിക്കുന്നതും എത്രയെന്നും വെളിപ്പെടുത്തുമോ; | (എ) 2013 ഫെബ്രുവരി മാസം 5 - ാം തീയതി വരെയുള്ള കണക്കു പ്രകാരം പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 53 ദശലക്ഷം യൂണിറ്റാണ് (വൈദ്യുതി നിയന്ത്രണങ്ങളോടെ (Load Shedding മുതലായവ)) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും കേന്ദ്ര പൂളിൽ നിന്നും ലഭിക്കുന്നതുമായ വൈദ്യുതിയുടെ വിവരങ്ങൾ 2013 ഫെബ്രുവരി മാസം 5 - ാം തീയതിയിലെ കണക്കു പ്രകാരം താഴെ ചേർക്കുന്നു. |

| | പ്രതിദിന ശരാശരി |
|---|---|
| ജലവൈദ്യുതി | 7.7770 ദശലക്ഷം യൂണിറ്റ് |
| താപ വൈദ്യുതി (KSEB) | 1.4974 ദശലക്ഷം യൂണിറ്റ് |
| കാറ്റ് (KSEB) | 0.0044 ദശലക്ഷം യൂണിറ്റ് |
| കായംകുളം താപനിലയം | 3.7030 ദശലക്ഷം യൂണിറ്റ് |
| കേന്ദ്ര വിഹിതം | 25.48 ദശലക്ഷം യൂണിറ്റ് |

| | |
|---|---|
| (ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയിൽ ജലവൈദ്യുതിയുടെയും പാരമ്പര്യേതര ഊർജ്ജ ഉല്പാദനത്തിന്റെയും കണക്ക് പ്രത്യേകം പ്രത്യേകം വെളിപ്പെടുത്താമോ; | (ബി) 2013 ഫെബ്രുവരി മാസം 5 - ാം തീയതിയിലെ കണക്കു പ്രകാരം ജലവൈദ്യുതിയുടെയും പാരമ്പര്യേതര ഊർജ്ജോല്പാദനത്തിൻെറയും വിവരങ്ങൾ താഴെ ചേർക്കുന്നു. |

| | പ്രതിദിന ശരാശരി |
|---|---|
| ജലവൈദ്യുതി | 7.777 ദശലക്ഷം യൂണിറ്റ് |
| കാറ്റ് | 0.0044 ദശലക്ഷം യൂണിറ്റ് |
| സൗരോർജ്ജം | ഇല്ല |

(സി) പാരമ്പര്യേതര ഊർജ്ജോത്പാദനത്തിൽ, സൗരോർജ്ജത്തിൽ നിന്നും, കാറ്റിൽ നിന്നും എത്രവീതം വൈദ്യുതി ഉല്പാദിപ്പിക്കുന്നു എന്നും നിലവിൽ സംസ്ഥാന ആവശ്യത്തിന്റെ എത്ര ശതമാനമാണെന്നും, സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നതിന്റെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ;

(സി) 2013 ഫെബ്രുവരി മാസം 5 - ാം തീയതിയിലെ കണക്കനുസരിച്ച് കാറ്റിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതി പ്രതിദിന ശരാശരി 0.0044 ദശലക്ഷം യൂണിറ്റാണ്. ഇത് നിലവിൽ സംസ്ഥാനത്തിൻെറ വൈദ്യുതി ആവശ്യത്തിൻെറ 0.0083 ശതമാനവും, സംസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിൻെറ 0.033 ശതമാനവുമാണ്. സംസ്ഥാനത്ത് നിലവിൽ സൌരോർജ്ജ യൂണിറ്റുകൾ ഇല്ല. കാറ്റാടി നിലയങ്ങൾ വഴി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് 34.875 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പ്ളാൻറുകൾ അനെർട്ട് വഴി സ്ഥാപിച്ചിട്ടുണ്ട്.

(ഡി) കൂടുതൽ വൈദ്യുതി ഉപയോഗം നടത്തുന്ന സിവിൽ സ്റ്റേഷനുകൾ, ആശുപത്രികൾ തുടങ്ങിയവയെ സൗരോർജ്ജത്തിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ ?

(ഡി) സർക്കാർ സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബോർഡിൻെറ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.